**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 930** **26-07-2021 - ൽ മറുപടിയ്ക്ക്**

**2019-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിൽ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഏകദേശം 2500-ഓളം പേർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം സാങ്കേതിക കാരണങ്ങളാൽ കിട്ടിയിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ദുരിത ബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ് വെയറിൽ അപ് ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും അതുപോലെ ക്രഡിറ്റ് ലിസ്റ്റിലോ റിജക്റ്റഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധസഹായത്തിന് അർഹത ഉള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുടെ പട്ടിക സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ